## സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളി. കർമ്മേൽകുന്ന്

മുളക്കുളം വലിയ പള്ളിയിൽ നിന്നും പിരിഞ്ഞ് പുതിയ ഇടവക യായിത്തീർന്ന ദേവാലയമാണ് കർമ്മേൽകുന്ന് പള്ളി. വലിയകട്ടയിൽ ഇലിശ എന്ന സ്ത്രീ ദാനമായി നൽകിയ സ്ഥലത്ത് മാർ ഗീവർഗീസ് , മാർ സ്തേഫാനോസ്, മാർ കുരിയാക്കോസ് എന്നീ സഹദേന്മാരുടെ നാമധേയത്തിൽ 1903 ജൂൺ 13-ാം തീയതി, ഇടവക മെത്രാപ്പോലീത്ത മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയാണ് ഈ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചത്.

കോച്ചേരിൽ ബഹു. യോഹന്നാൻ കത്തനാരായിരുന്നു പ്രഥമ വികാരി. 1917 ൽ ബഹു. കോച്ചേരിൽ അച്ചൻ നിര്യാതനായതിനേത്തു ടർന്ന് 1956 വരെ പൂവത്തികൽ ബഹു. കുരുവിള തോമസ് കത്തനാർ വികാരിയായി സേവനമനുഷ്ഠിച്ചു. കുരുവിള തോമസ് കത്തനാരുടെ സഹോദര പൗത്രൻ അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനി 1952 ൽ വൈദികനാവുകയും 1975 ൽ മെത്രാപ്പോലീത്തയായി വാഴി ക്കുകയും ചെയ്തു. 1991 ആഗസ്റ്റ് 19 ന് ആ പിതാവ് കാലം ചെയ്യു കയും ഈ പള്ളിയിൽ കബറടങ്ങുകയും ചെയ്തു. അഭിവന്ദ്യ തിരുമേ നിയുടെ ഓർമ്മപ്പെരുന്നാൾ ഭക്തിപൂർവ്വം എല്ലാ വർഷവും കൊണ്ടാടു കയും എല്ലാമാസവും 19-ാം തീയതി വി. കുർബാനയും ഈ ദേവാല യത്തിൽ നടത്തി വരുന്നു.

ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരു മേനിയുടെ സ്മരണ നിലനിർത്തുന്നതിനായി .... ഫൗണ്ടേഷൻ സ്ഥാപി ക്കുകയും ഈ ട്രസ്റ്റിന്റെ കീഴിൽ പിറവത്ത് 5 ഏക്കർ സ്ഥലത്ത് ജോസഫ് മാർ പക്കോമിയോസ് (ജെ.എം.പി.) മെഡിക്കൽ സെന്റർ എന്ന പേരിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും പ്രവർത്തിച്ചുവരുന്നു.

ഒരേ നിലയിൽ മൂന്ന് ത്രോണോസുകളോടുകൂടിയ ഈ ദേവാ ലയം 1995 ൽ പുതുക്കിപണിത് പരി. കാതോലിക്കാ ബാവയുടെ മുഖ്യ കാർമ്മികത്വത്തിലും അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരു മേനിയുടെ സഹകാർമ്മികത്വത്തിലും വി. മൂറോൻ കൂദാശ നടത്തുക യുണ്ടായി.

വികാരി: റവ. ഫാ. ജോൺ വർഗീസ്